പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2858 12/10/2011-ൽ മറുപടിക്ക്

<u>വാദ്യകലാകാരന്മാർക്കുള്ള ക്ഷേമനിധി</u>

ചോദ്യം മറുപടി

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ .കെ .സി ജോസഫ്
ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) വാദ്യകലാകാരന്മാർക്കുള്ള ക്ഷേമനിധി നടപ്പിലാക്കി തുടങ്ങിയോ എന്ന് അറിയിക്കുമോ ; | ( എ ) & ( ബി ) | വാദ്യകലാകാരന്മാർ ഉൾപ്പടെയുള്ള കലാകാരന്മാർക്കും സാഹിത്യ സാംസ്കാരിക സിനിമാ പ്രവർത്തകർക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന്റെ നടപടി അന്തിമ ഘട്ടത്തിലാണ്.18 വയസ്സ് കഴിഞ്ഞതും 60 വയസ്സ് തികയാത്തതുമായ കലാ സാഹിത്യ സാംസ്കാരിക സിനിമാ പ്രവർത്തകർക്ക് ബന്ധപ്പെട്ട അക്കാദമി /ട്രേഡ് ബോഡി/ഗവൺമെന്റ് അംഗീകരിച്ച അസ്സോസിയേഷൻ എന്നിവയുടെ ശുപാർശ മുഖേന അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ് എന്ന് 2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്യുന്നുണ്ട്.കൂടാതെ 60 വയസ്സ് തികഞ്ഞവർക്ക് പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി അംഗത്വം നൽകുന്നതിനും ഈ ആക്ടിൽ വ്യവസ്ഥ ഉണ്ട് . |
| (ബി എങ്കിൽ അംഗങ്ങളായി ചേരുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ